**പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**(ഹാജർ: എം.പി.അജിത്ത് കുമാർ)**

വിഷയം:- മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്ത് - പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈല അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സർക്കാരിന്റെ 12.05.1997 ലെ ജി.ഒ.(എം.എസ്)105/97/തസ്വഭവ നമ്പർ വിജ്ഞാപനം.

2. സർക്കാരിൻറെ 04.01.2021 തീയതിയിലെ ജി.ഒ(ആർ.ടി) നമ്പർ -18/2021 തസ്വഭവ നമ്പർ ഉത്തരവ്

3. കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 13.10.2021 തീയതിയിലെ 8(1) -ാം നമ്പർ തീരുമാനം

4. കണ്ണമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26/10/2021 തീയതിയിലെ എ 3-3192/2021 നമ്പർ കത്ത്.

5. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 10/11/2021 തീയതിയിലെ ഡിഡിപി-എംപിഎം/197/2021-ഡി18 നമ്പർ കത്ത്.

**<u>ഉത്തരവ് നമ്പർ PAN/14297/2021-C6(DP)തീയതി 04/02/2022</u>**

പഞ്ചായത്തുകൾ നിയമാനുസൃതം പാസ്സാക്കുന്ന ബൈലകൾക്ക് അംഗീകാരം നൽകുന്നതിന് പരാമർശം (1) ലെ വിജ്ഞാപനം മുഖേന സർക്കാർ പഞ്ചായത്ത് ഡയറക്ടറെ അധികാരപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറയ്ക്കുന്നതിനും പരിസ്ഥിതി മലിനീകരണം തടയുന്നതിനും കേന്ദ്ര ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ള 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ്മാനേജ്മെന്റ് ചട്ടങ്ങളിലെയും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ ബന്ധപ്പെട്ട വകുപ്പുകളുടെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾ മാലിന്യ പരിപാലന ഉപനിയമാവലി വിജ്ഞാപനം ചെയ്യണമെന്ന് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയതോടൊപ്പം മാതൃക ബൈല അംഗീകരിച്ച് പ്രസിദ്ധീകരിക്കുകയുംചെയ്തിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിൻറെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈല മേൽ പരാമർശം (3) പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും, പരാമർശം (4), (5) പ്രകാരം അംഗീകാരത്തിന് ലഭ്യമാക്കുകയും

ചെയ്തിട്ടുണ്ട്.

കണ്ണമംഗലം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ, മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കത്ത് എന്നിവ പരിശോധിച്ചതിൽ 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്. ആയതിനാൽ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെൻറ് ബൈല അംഗീകരിച്ച് ഉത്തരവാകുന്നു.

M P AJITHKUMAR

പഞ്ചായത്ത് ഡയറക്ടറുടെ
പൂർണ്ണ അധികച്ചുമതല വഹിക്കുന്ന
പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ

സെക്രട്ടറി, കണ്ണമംഗലം ഗ്രാമപഞ്ചായത്ത്

പകർപ്പ്–

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
2. കരുതൽ/അധികം .

Signature Not Verified

Digitally signed by Ajith Kumar
M P
Date: 2022.02.04 16:21:07 IST
Reason: Approved